# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 9 — 28.06.2016-ൽ മറുപടിയ്ക്ക്

**<u>പോലീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും നടപടി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.ഒ.ആർ.കേളു | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ബ്ലേഡ് മാഫിയകളും ഗുണ്ടാ സംഘങ്ങളും വ്യാപകമായത് സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും അരക്ഷിതാവസ്ഥ സൃഷ്ടിച്ചതായി പറയപ്പെടുന്ന സ്ഥിതി വിശേഷം അവലോകനം ചെയ്തിട്ടുണ്ടോ; | (എ) | സ്ഥിതി വിശേഷം അവലോകനം ചെയ്തിട്ടുണ്ട്. |
| (ബി) | ജിഷാവധം ഉൾപ്പെടെയുള്ള ക്രൂരകൃത്യങ്ങൾ തടയുന്നതിന് പോലീസ് സംവിധാനം പരാജയപ്പെട്ടതായ ആക്ഷേപം പരിശോധിക്കുമോ ; | (ബി) | പരിശോധിക്കും. ജിഷാ വധക്കേസ് അന്വേഷണത്തിലെ പോലീസ് സംവിധാനത്തിന്റെ വിവിധ തലങ്ങളിലെ വീഴ്ച പരിശോധിച്ച് ശക്തമായ നടപടി എടുത്തു വരുന്നു. |
| (സി) | കുറ്റകൃത്യങ്ങൾ തടയുന്നതിനും അവ തെളിയിക്കുന്നതിനും പോലീസിനെ കാര്യക്ഷമമാക്കാൻ സാധിക്കാതെ പോയതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | പോലീസിന്റെ വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ചും, ശാസ്ത്ര സാങ്കേതിക ഉപാധികളുടെ സഹായത്തോടെ നിലവിലെ പോലീസ് സംവിധാനം ആധുനികവൽക്കരിച്ചും പോലീസ് സംവിധാനത്തെ കൂടുതൽ ജനസൗഹൃദമാക്കിയും, പ്രോസിക്യൂഷൻ നടപടികൾക്ക് ശാസ്ത്രീയ അടിത്തറ നൽകിയും പോലീസ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്താനും, കാര്യക്ഷമമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. |
| (ഡി) | പോലീസ് സേനയിൽ ക്രിമിനൽ സ്വഭാവമുള്ളവരും രാഷ്ട്രീയ പക്ഷപാതത്തോടെ പെരുമാറുന്നവരും വർദ്ധിച്ചുവരുന്നത് നിയമവാഴ്ചയും മനുഷ്യാവകാശ പരിരക്ഷയും ഉറപ്പാക്കുന്നതിന് വിഘാതമാണെന്നത് കണക്കിലെടുത്ത് പോലീസ് സേനയിൽ ശുദ്ധീകരണം നടത്തുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | സംശുദ്ധവും, സുതാര്യവും, സേവനാധിഷ്ഠിതവുമായ പോലീസ് ഭരണം ഉറപ്പാക്കുന്നതിന് എല്ലാ നടപടിയും സ്വീകരിക്കും. അച്ചടക്ക സേനാംഗമെന്ന നിലയിൽ നിഷ്പക്ഷമായി പെരുമാറുന്നതിന് പോലീസ് ഉദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ സേനാംഗമായതിനു ശേഷം ക്രിമിനൽ കേസിൽ ഉൾപ്പെടുകയോ, പക്ഷപാതപരമായി പെരുമാറിയ കാര്യം ശ്രദ്ധയിൽപ്പെട്ടാലോ നിയമ നടപടികൾ സ്വീകരിക്കുന്നതിനും, പിരിച്ചുവിടൽ ഉൾപ്പടെയുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ